"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിശാല കൊച്ചി വികസന അതോറിറ്റി - ജീവനക്കാര്യം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഡേവിഡ്.വൈ-ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.608/2025/LSGD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 01.07.2022, 15.07.2022, 13.11.2023, 30.01.2025 തീയതികളിലെ 5245/എസ്റ്റാ.1/2017/ജിസിഡിഎ നമ്പർ കത്തുകൾ
2. ഡബ്ല്യൂ.പി.സി നം. 44110/2024 കേസിലെ ബഹു ഹൈക്കോടതിയുടെ 13.02.2025 തീയതിയിലെ വിധിന്യായം

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് യോഗ്യരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും സീനിയോരിറ്റി പരിഗണിച്ച് മെരിറ്റ്, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ ഡി.പി.സി തീരുമാന പ്രകാരം സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഇപ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നും വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. വിശാല കൊച്ചി വികസന അതോറിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി 11.07.2022 തീയതിയിൽ ചേർന്ന ഡി.പി.സി മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ അതോറിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഡേവിഡ്.വൈ-ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ബഹു. ഹൈക്കോടതി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, 11.07.2022 തീയതിയിൽ ചേർന്ന ഡി.പി.സി തീരുമാനത്തിന്റെ കാലാവധി അവസാനിച്ചതിനാൽ, 2025 വർഷം ചേരുന്ന ഡി.പി.സി യിൽവച്ച് സാധൂകരണം നേടണമെന്ന വ്യവസ്ഥയിൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഡേവിഡ്.വൈ-ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക്

പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ശ്രീ. ഡേവിഡ്.വൈ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിശാല കൊച്ചി വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എസ്.എ/ജി.എസ്.എസ്.എ)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്

ധന വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (E: 3064116; WCD-3/42/2025-FIN)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര-പൊതുജന സമ്പർക്ക് വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA3/68/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 05-03-2025 10:38:34

സെക്ഷൻ ഓഫീസർ